# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.226

04-06-2018 ൽ മറുപടിയ്ക്ക്

## ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ

ചോദ്യം

**ശ്രീ. പുരുഷൻ കടലുണ്ടി**

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നറിയിക്കാമോ;

ബി) കിനാലൂർ വ്യവസായ കേന്ദ്രം, കക്കയം പവർഹൗസ്, വയലട ടൂറിസം പദ്ധതി തുടങ്ങി പ്രധാനപ്പെട്ട സ്ഥാപനങ്ങളും പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

സി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

മറുപടി

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

എ) മൂന്ന് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

**(ബി) &(സി)**

ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ മരപ്പാലം തല അംഗനവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീ-സർവ്വേ നം.59 ൽപ്പെട്ട 50 സെന്റ് സ്ഥലം സൗജന്യമായി നൽകാമെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതിൻ പ്രകാരം വകുപ്പിന് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കുവാനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ